# ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു വിവാഹം

സാക് പുന്നൻ

WFTW 22 ജനുവരി 2017

അബ്രാഹാം തൻറെ ജീവിതം അവസാനിക്കുന്നതിനു മുമ്പ്, അദ്ദേഹത്തിന് തൻറെ മകനെക്കുറിച്ചുള്ള ഭാരം ഉൽപത്തി. 24ൽ നാം വായിക്കുന്നു. തൻറെ മകനുവേണ്ടി ഒരു വധുവിനെ കണ്ടുപിടിക്കുന്നതിനായി അദ്ദേഹം തൻറെ ദാസനെ അയച്ചു. തിരുവചനത്തിൽ അനേകം വിവാഹങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. എന്നാൽ രണ്ടുവിവാഹങ്ങൾ മാത്രമെ ദൈവത്താൽ നിശ്ചയിക്കപ്പെട്ടതായി വ്യക്തമായി പറഞ്ഞിട്ടുള്ളൂ. ഒന്ന് ആദാമിൻറെ വിവാഹമായിരുന്നു. ഹവ്വ തീർച്ചയായും ദൈവത്തിൻറെ തെരഞ്ഞെടുപ്പ് ആയിരുന്നു. മറ്റൊന്ന് യിസ്ഹാക്കിൻറെ വിവാഹമായിരുന്നു. റിബെക്കയും ദൈവത്തിൻറെ തെരഞ്ഞെടുക്കൽ ആയിരുന്നു. ആളുകൾ എന്നോട് ചോദിക്കാറുണ്ട്, ‘ നിങ്ങൾ ക്രമീകരിക്കപ്പെട്ട വിവാഹത്തിൽ വിശ്വസിക്കുന്നുണ്ടോ?‘ ഞാൻ അവരോട് പറയുന്നത്, ‘ഉണ്ട്, ദൈവത്താൽ ക്രമീകരിക്കപ്പെട്ട വാഹത്തിൽ ഞാൻ വിശ്വസിക്കുന്നുണ്ട്‘ ദൈവം അത് ഒന്നുകിൽ മാതാപിതാക്കളിലൂടെ മീകരിക്കും ( യിസ് ഹാക്കിൻറെ കാര്യത്തിൽ സംഭവിച്ചതു പോലെ ) അല്ലെങ്കിൽ മാതാപിതാക്കളല്ലാത്ത ആരിലെങ്കിലും കൂടെ (ആദമിൻറെ കാര്യത്തിലെന്നപോലെ). അത് ദൈവത്താൽ ക്രമീകരിക്കപ്പെട്ടതായിരിക്കണം എന്നതുമാത്രാണ് കാര്യമായിട്ടുള്ളത്.

നിങ്ങൾ ദൈവഭക്തനായ ഒരു പിതാവാണെങ്കിൽ, നിങ്ങൾക്ക് നിങ്ങളുടെ മക്കളുടെ വിവാഹത്തിൻറെ കാര്യത്തിൽ ഒരു ഉൽക്കണ്ഠ ഉണ്ടായിരിക്കും. നിങ്ങൾ ദൈവഭക്തനായാ ഒരു പിതാവുള്ള ഭാഗ്യവാനായ ഒരു യുവാവ് ആണെങ്കിൽ, നിങ്ങൾ അദ്ദേഹത്തിൻറെ ഉപദേശം വളരെ ഗൗരവത്തോടെ എടുക്കണം എന്നാണ് എനിക്ക് പറയുവാനുള്ളത്. നിങ്ങൾ ആഗ്രഹിക്കുന്ന വ്യക്തിയെ വിവാഹം കഴിക്കുന്നതിന് ദൈവഭക്തനായ ഒരു പിതാവ് ’ വേണ്ട ’ എന്നു പറഞ്ഞാൽ, കാത്തിരിക്കുക. അവിടെ ദൈവം നിങ്ങളെ ശോധന ചെയ്യുകയായിരിക്കും. നിങ്ങളുടെ പിതാവിൻറെ ’ വേണ്ട ’ ഒരു സമയത്തേക്കു മാത്രമായിരിക്കും. ദൈവഭക്തനായ നിങ്ങളുടെ പിതാവിനെ ബഹുമാനിക്കുവാൻ നിങ്ങൾക്കു സമ്മതമാണെന്ന് ദൈവം കണ്ടുകഴിയുമ്പോൾ, അവിടുന്ന് നിനക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ള ജീവിതപങ്കാളിയെ നിനക്കു തരും.

അബ്രഹാം യിസ്ഹാക്കിനു ഒരു ഭാര്യയെ കണ്ടുപിടിക്കുവാനായി തൻറെ ദാസനെ അയക്കുന്നത്, പിതാവാം ദൈവം അവിടുത്തെ പുത്രനായ യേശു ക്രിസ്തുവിനുവേണ്ടി ഒരു കാന്തയെ എടുക്കുവാനായി പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയക്കുന്നതിൻറെ ഒരു ചിത്രമാണ്. ഇന്ന് സുവിശേഷം പ്രസംഗിക്കപ്പെടുമ്പോൾ ലോകത്തിൽ സംഭവിക്കുന്നത് അതാണ്. നിങ്ങൾ ആ അദ്ധ്യായം വായിക്കുക, അപ്പോൾ മനോഹരമായ ചില സാമ്യങ്ങൾ നിങ്ങൾ കണ്ടെത്തും.

ആ ദാസൻ പ്രയോഗിച്ച പരിശോധനകളിലൊന്ന്, ആ പെൺകുട്ടിക്ക് തൻറെ ഒട്ടകങ്ങൾക്ക് വെള്ളം കൊടുക്കുവാൻ മനസ്സുണ്ടോ എന്നാണ്. ഒട്ടകങ്ങൾ ധാരാളം വെള്ളം കുടിക്കും എന്ന് നിങ്ങൾക്കറിയാമല്ലോ. അബ്രാഹാമിൻറെ ദാസൻ ആഗ്രഹിച്ചത് അവൾ കൃപാലുവും കഠിനാധ്വാനിയുമായ ഒരു പെൺകുട്ടി ആണോ എന്നറിയുവാനാണ്. റിബെക്ക അപ്രകാരമുള്ള ഒരു പെൺകുട്ടിയായിരുന്നു. അവൾ അടക്കമൊതുക്കവുമുള്ളവളുമായിരുന്നു, അത് ഉൽപത്തി 24:16 ൽ നിന്ന് വ്യക്തമാണ്, കിണറിൻറെ അരികെ നിന്ന, അബ്രാഹാമിൻറെ ദാസനെ പോലെ അപരിചിതരായവരെ ഉറ്റുനോക്കുന്നതിൽ അവൾക്ക് താല്പര്യമില്ലായിരുന്നു. അവൾ തൻറെ പാത്രത്തിൽ വെള്ളം നിറച്ചിട്ട് വീട്ടിലേയ്ക്ക് പോകാൻ തുടങ്ങിയപ്പോഴാണ് അബ്രാഹാമിൻറെ

ദാസൻ തൻറെ അഭ്യർത്ഥന നടത്തിയത്. ആ വിധത്തിലുള്ള ഒരു ഭാര്യയെയാണ് നിങ്ങൾക്കാവശ്യം.

ഈ ഭൂമിയിൽ ക്രിസ്തുവിനുവേണ്ടി പിതാവ് അന്വേഷിക്കുന്നതും ആ തരത്തിലുള്ള ഒരു കാന്തയ്ക്കുവേണ്ടിയാണ്. ദൈവം തൻറെ പരമാധികാരത്തിൽ അബ്രാഹാമിൻറെ ദാസനെ ശരിയായ വ്യക്തി (റിബെക്ക) യുടെ അടുത്തേക്കുതന്നെ നയിച്ചു. അതിനുശേഷം ആ ദാസൻ റിബെക്കയെ, മെസപൊത്താമ്യയിൽ നിന്ന് കനാൻ വരെ 700 കിലോമീറ്റർ ഉള്ള നീണ്ട അപകടരമായ ഒരു യാത്രയക്ക് കൂട്ടിക്കൊണ്ടുപോയി (അത് ഏതാണ്ട് ഒരു മാസം എടുത്തു) ഇത് ക്രിസ്തുവിൻറെ കാന്തയെന്ന നിലയിൽ നമ്മുടെ ഈ ലോകത്തിലെ യാത്രയുടെ ഒരു ചിത്രമാണ്.

ഈ നീണ്ട യാത്രയ്ക്കിടയിൽ അബ്രാഹാമിൻറെ ദാസൻ റിബെക്കയോട് എന്താണ് സംസാരിച്ചത് എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? അത് യിസ്ഹാക്കിനെ കുറിച്ചായിരുന്നു എന്ന് എനിക്ക് ഉറപ്പുണ്ട്. നമ്മുടെ നീണ്ടയാത്രയിൽ പരിശുദ്ധാത്മാവ് നമ്മോട് എന്തുപറയാൻ ആഗ്രഹിക്കുന്നു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? യേശുവിനെക്കുറിച്ച് ഉപദേശത്തെക്കുറിച്ചല്ല,
സ്വർഗ്ഗത്തെക്കുറിച്ചല്ല, എന്നാൽ കർത്താവായ യേശുവിനെക്കുറിച്ച്. യിസ്ഹാക്കിനെ കുറിച്ചു കേൾക്കൻ റിബെക്കയും ഉത്സുകയായിരുന്നു എന്നെനിക്ക് തീർച്ചയുണ്ട്.

ഈ നീണ്ടയാത്രയിൽ എനിക്ക് അത്ഭുതവാനായ എൻറെ രക്ഷകനെക്കുറിച്ച്, അവിടുത്തെ മുഖാമുഖം കാണുന്ന നാൾ വരെ (റിബെക്ക യിസ്ഹാക്കിനെ കണ്ടതുപോലെ), പരിശുദ്ധാത്മാവിൽ നിന്ന് കൂടുതൽ കൂടുതൽ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനുശേഷം ഒരു നാൾ, റിബെക്കയെപോലെ, ഞാനും എൻറെ കർത്താവിൻറെ കൂടാരത്തിലേക്ക് പ്രവേശിച്ച് അവിടുത്തെ കാന്തയായി തീരും. നിങ്ങൾക്ക് ആ വാഞ്ചയുണ്ടോ?